പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4236

28.06.2012-ലെ
മറുപടിക്ക്.

## വിദ്യാഭ്യാസ അവകാശനിയമവും കെ.ഇ.ആർ. ഭേദഗതിയും

| ചോദ്യം<br>ശ്രീ. എം.എ. വാഹീദ് | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) വിദ്യാഭ്യാസ പാക്കേജ് നടപ്പാക്കിയതു വഴി എത്ര അധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ നടപ്പാക്കിയ പുതിയ അദ്ധ്യാപക പാക്കേജിലൂടെ ശമ്പളം ലഭിക്കാത്ത 2810 അദ്ധ്യാപകർ, 1419 റിട്രഞ്ച്ഡ് അദ്ധ്യാപകർ, 128 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ എന്നിവർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. റീട്രഞ്ച്ഡ് അദ്ധ്യാപകർക്ക് 10 ദിവസത്തെ ട്രയിനിംഗ് നൽകിയ ശേഷം പേരന്റ് സ്ക്കൂളിൽ ഒഴിവുണ്ടെങ്കിൽ പ്രസ്തുത സ്ക്കൂളിലും അല്ലാത്തവരെ എസ്.എസ്.എ.യിൽ ക്ലസ്റ്റർ കോഡിനേറ്ററായും നിയമിക്കാനും ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) ഇപ്പോൾ നിലനിൽക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തതനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ; | (ബി) അല്ല |
| (സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കിയപ്പോൾ അതനുസരിച്ച് കെ.ഇ.ആർ-ൽ വരുത്തേണ്ട ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; എന്നത്തേയ്ക്ക് ഇത് പൂർണ്ണമായും നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ? | (സി) കെ.ഇ.ആർ.ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ